# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2155      11/06/2018-ൽ മറുപടിക്ക്

### അമൃതം ആരോഗ്യം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.കെ.ബഷീർ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് ജീവിത ശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി ആവിഷ്കരിച്ച അമൃതം ആരോഗ്യം പദ്ധതിയിലൂടെ എന്തെല്ലാം നടപടികളാണ് നാളിതുവരെയായി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | എ) | 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ പേരെയും ജീവിതശൈലീ രോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തുക, ഭക്ഷണം, വ്യായാമ ശീലങ്ങൾ എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും മരുന്നും ഉപദേശവും നൽകുക, സങ്കീർണ്ണത മുൻകൂട്ടി കണ്ടെത്തി ചികിത്സിക്കുക എന്നിവയാണ് 'അമൃതം ആരോഗ്യം' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. വിദൂര പ്രദേശങ്ങളിൽ അധിവസിക്കുന്ന ജനവിഭാഗങ്ങൾക്ക് ജീവിതശൈലീ രോഗ നിർണ്ണയവും ചികിത്സയും നൽകുന്നതിനായി സഞ്ചരിക്കുന്ന ജീവിതശൈലീ രോഗ ക്ലിനിക്കുകൾ - 'Care on Wheels and Care our Waves' 7 ജില്ലകളിൽ നടപ്പിലാക്കി വരുന്നു. പ്രധാന ആശുപത്രികളിൽ കൊറൊണറി കെയർ യൂണിറ്റും, പക്ഷാഘാത ക്ലിനിക്കുകളും ആരംഭിക്കുന്നതിന് സാധിച്ചിട്ടുണ്ട്. പ്രമേഹ രോഗികളെ ബാധിക്കുന്ന ഡയബറ്റിക് അൾസർ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും ഡയബറ്റിക്ക് ഫൂട്ട് ക്ലിനിക്കുകൾ ഈ വർഷം ജില്ലാ ആശുപത്രികളിൽ ആരംഭിക്കുന്നതാണ്. ഗുരുതര ശ്വാസകോശ-രോഗങ്ങൾക്കായി (COPD) ശ്വാസ് പദ്ധതിയും കുടുംബാരോഗ്യകേന്ദ്രങ്ങളിൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതിയ്ക്കായി ലോകാരോഗ്യ സംഘടന നൽകുന്ന സഹായം എന്തെല്ലാമാണ്? | ബി) | പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനും രാജ്യത്തിനാകെ ഒരു മാതൃകയാക്കുന്നതിനുള്ള സാങ്കേതിക സഹായം ചെയ്യുന്നതിനുള്ള സന്നദ്ധത ലോകാരോഗ്യ സംഘടന അറിയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു കരാറിൽ ഏർപ്പെട്ടുകയും |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്ത് പ്രമേഹത്തിനും രക്താതി സമ്മർദ്ദത്തിനും ചികിത്സാപ്രോട്ടോക്കോൾ തയ്യാറാക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങളിൽ WHO സാങ്കേതിക സഹായം നൽകുന്നുണ്ട്. |
| സി) | പദ്ധതി കാര്യക്ഷമമായി നിർവ്വഹിച്ച് ഭാവി തലമുറയെ ജീവിതശൈലീ രോഗങ്ങളിൽ നിന്നും മുക്തമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്? വിശദമാക്കുമോ? | സി) | എല്ലാ ജനവിഭാഗങ്ങളെയും സ്ക്രീനിംഗിന് വിധേയമാക്കുന്നത് വഴി ജീവിതശൈലീ രോഗങ്ങളുടെ വ്യാപനം മുൻകൂട്ടി കണ്ടെത്തുന്നതിനും രോഗം വരാതെ സൂക്ഷിക്കുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിനും രോഗം കണ്ടെത്തുന്നവർക്ക് ചികിത്സ നൽകി രോഗാതുരതയിൽ നിന്ന് ഒഴിവാക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. ഇതിനു പുറമെ വിദ്യാർത്ഥികളെയും യുവജനങ്ങളെയും നിരീക്ഷണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയും ജീവിതശൈലീ ബോധവൽക്കരണ പ്രവർത്തനം ഈ മേഖലയിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നതിനും. ഭാവിയിൽ ജീവിതശൈലീ രോഗങ്ങൾ കുറയ്ക്കുന്നതിനും സഹായകരമാകും. |
| ഡി) | കുടുംബ ആരോഗ്യകേന്ദ്രങ്ങളായി തെരഞ്ഞെടുക്കപ്പെട്ട പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ജീവിതശൈലീ രോഗ നിയന്ത്രണവുമായി ബന്ധപ്പെട്ട് മെച്ചപ്പെട്ട സൗകര്യങ്ങളും ഗുണമേന്മയുള്ള ചികിത്സയും രോഗികൾക്ക് ഒരുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | ഡി) | സ്വീകരിച്ചിട്ടുണ്ട്. കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ആഴ്ചയിൽ (ആറ്) 6 ദിവസവും ജീവിതശൈലീ രോഗ നിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തന സജ്ജമാണ്. ഡോക്ടറുടെ പരിശോധനയ്ക്ക് മുൻപ് തന്നെ രോഗിയുടെ ബി.പി., ഷുഗർ എന്നീ പരിശോധനകൾ നടത്തുന്നതിനും (Pre-checkup) ഡോക്ടറെ കണ്ടശേഷം ആരോഗ്യ ബോധവൽക്കരണം, കൗൺസിലിംഗ് ഉള്ള Post-checkup Counselling എന്നിവ കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിനു പുറമെ SWASS Clinic, ASWAS Clinic, ആരോഗ്യ ബോധവൽക്കരണം, Retinopathy Clinic എന്നിവയും കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ